PEACE COMMITTEES

*897. †[34] **Sri. Paul Thaliath:** Will the Hon'ble Chief Minister be pleased to state.—

(*a*) whether the Government have decided to constitute 'Village or Kara Peace Committees' all over the State to help the Police;

(*b*) if so whether it is a fact that the names of the non-officials to be nominated to such Committees are recommended by the Police authorities ?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) No. But in certain places the public are constituting peace committees with the co-operation of the Police.

(*b*) Does not arise.

ECONOMIC DEVELOPMENT BOARD

*898. †[35] **Sri. Paul Thaliath:** Will the Hon'ble Minister for Excise be pleased to state.—

(*a*) whether the Economic Development Board is still functioning;

(*b*) if so, when such a board was constituted; and

(*c*) the names of the members on the board ?

Minister for Industries, Excise and Local Self Government **(Sri. N. Kunjuraman):**

(*a*) No.

(*b*) Does not arise.

(*c*) Does not arise.

വാദം കേൾക്കൽ

†*വ്യൻ. (നമ്പ) ശ്രീ. കളത്തിൽ വേലായുധൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവൺമെണ്ടു മുമ്പാകെ ബോധിപ്പിക്കുന്ന പരിശോധന ഹർജ്ജികളും അപ്പീൽ കേസുകളും സെക്രട്ടറിമാർ വാദം കേൾക്കുന്ന പതിവുണ്ടോ;

(ബി) ഏതെല്ലാം ഡിപ്പാർട്ട്മെൻറുകളെ സംബന്ധിച്ചു് ഈ പതിവുണ്ടു്;

(സി) സെക്രട്ടറിമാർ വാദം കേൾക്കുന്ന കേസുകളുടെ തീരുമാനം ചെയ്യുന്നതു് ആരാണു് ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) എല്ലാ ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചും ഈ പതിവുണ്ടു്.

(സി) ബിസിനസ്സ് റൂൾസനുസരിച്ചു് അതിലേക്കു് അധികാരമുള്ള ആൾ തീരുമാനിക്കുന്നതാണു്.

Question No. 37 was not put

കൈത്തറി നെയ്ത്തു്

*൩൭. (നമ്പ) ശ്രീ. എൻ. കെ. കുഞ്ഞുപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൈത്തറി നെയ്ത്തു വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ ഗവൺമെണ്ടിനു് എന്തെങ്കിലും പദ്ധതികൾ ഉണ്ടോ;

---

†Answer to this question was laid on the table, the questioner having exhausted his quota.

†Answer to this question was laid on the table, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) മദ്രാസ് പ്രൊവിൻഷ്യൽ ഹാൻഡ്ലൂം സെൻട്രൽ കൊ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം മദ്രാസിലെ നെയ്ത്തുകാക്ക് മദ്രാസ് ഗവൺമെണ്ട് ചെയ്തുകൊടുക്കുന്നതുപോലെയുള്ള സഹായങ്ങൾ ഇവിടത്തെ നെയ്ത്തുകാക്ക് ചെയ്തുകൊടുക്കാൻ ആലോചനയുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഇൻഡ്യയിൽ കൈത്തറി നെയ്ത്തിനെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ചില തുണിത്തരങ്ങൾ കൈത്തറിയിൽ മാത്രമേ ഉല്പാദിപ്പിക്കാവൂ എന്ന നിശ്ചയത്തെ തുടർന്ന് ഇവിടേയും ആ നയം സ്വീകരിച്ചിട്ടുണ്ട്. അപ്രകാരമുള്ള തുണിത്തരങ്ങൾ നെയ്യുന്നതിനു വേണ്ട നൂല് ഈ സംസ്ഥാനത്തിലേക്ക് അനുവദിച്ചുതരുന്നതിനു് ബോംബേ ടെക്സ്റ്റൈൽ കമ്മീഷണരോട് അപേക്ഷിച്ചിട്ടുണ്ട്. കൂടാതെ ഇവിടത്തെ ഗവൺമെണ്ട് സ്ഥാപനങ്ങളിലേക്ക് ആവശ്യമുള്ള തുണിത്തരങ്ങൾ കഴിയുന്നിടത്തോളം കൈത്തറിയിൽ നെയ്യുന്നതു വാങ്ങണമെന്നു ഗവൺമെണ്ട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: മദ്രാസ് പ്രൊവിൻഷ്യൽ ഹാൻഡ്ലൂം സെൻട്രൽ കൊ-ഓപ്പറേറ്റീവ് സൊസൈറ്റി എന്തെങ്കിലും നെയ്ത്തുകാക്കു വേണ്ടി ചെയ്യുന്നുണ്ടോ എന്നു് ഈ ചോദ്യം കിട്ടിയതിനുശേഷമെങ്കിലും അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ചോദ്യം കിട്ടിയതിനുശേഷം അന്വേഷിക്കാൻ സമയമുണ്ടായില്ല.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: ഇനിയെങ്കിലും അതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിക്കാം.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: കഴിഞ്ഞ രണ്ടുകൊല്ലത്തിനുശേഷം ഇവിടെ നൂൽ കൂടുതൽ ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടെ നൂൽ ഉല്പാദിപ്പിച്ചതുകൊണ്ടു നമുക്കു കൂടുതൽ നൂൽ കിട്ടുകയില്ല. ഇൻഡ്യയിൽ ഉണ്ടാക്കുന്ന നൂൽ മുഴുവനും കണക്കാക്കിയാണു് ബോംബേ ടെക്സ്റ്റൈൽ കമ്മീഷണർ ഓരോ സ്ഥലത്തേക്കും അലോട്ടുചെയ്യുന്നതു്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: അടുത്ത കോട്ടാ അലോട്ടുചെയ്യുമ്പോഴെങ്കിലും നൂൽ ആവശ്യമുള്ളിടത്തോളം നെയ്ത്തുകാക്ക് കൊടുക്കാൻ കഴിയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൈത്തറി നെയ്ത്തുകാരുടെ ആവശ്യത്തിനുള്ള നൂൽ അനുവദിച്ചുതരണമെന്നു് ഈ ഗവൺമെണ്ട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. ആർ. ശങ്കർ: ഇൻഡ്യയിൽ മുഴുവൻ നൂൽ വിതരണം നടത്തുന്നതു് ഓരോ സ്ഥലത്തുമുള്ള തറികളുടെ എണ്ണത്തെ ആസ്പദമാക്കിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് ഉത്തരം പറയാൻ വേണ്ട വിവരം എന്റെ കൈവശമില്ല.

LIBRARY ARCHIVES Kerala Legislative Assembly